## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റുമാർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

പരാമർശം:
1. ഇഎ1- 66130/20/ആ.വ.ഡ തീയതി 31.01.2021
2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) നം. 248/2021 മേലുള്ള ഉത്തരവ് തീയതി 22.02.2021
3. കത്ത് നം. ജി.ഇ-4/സി/എം 2424/90 എ.ജി തീയതി 04.02.2021
4. സഉ(സാധാ) നം. 1914/2021/ആ.കു.വ തീയതി 07.09.2021

**ഉത്തരവ് നം. ഇ.എ1-2020/21/ആ.വ.ഡ തീയതി 22.09.2021**

ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റുമാരുടെ പരാമർശം (1) പ്രകാരമുള്ള 2020 പൊതുസ്ഥലംമാറ്റ ഉത്തരവിൽ തൃശ്ശൂർ കുന്നംകുളം താലൂക്ക് ആശുപത്രിയിലെ ഡോ. പ്രീതി.പി.വി യെയും, കോഴിക്കോട് കുറ്റിയാടി താലൂക്ക് ആശുപത്രിയിലെ ഡോ. മുഹമ്മദ് ഫറൂഖ്.വി.കെ യെയും പരസ്പരം സ്ഥലംമാറ്റി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ഡോ. പ്രീതി.പി.വി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഹർജിയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുവാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3) ലെ സർവ്വീസ് വിവരങ്ങൾ പ്രകാരം 15.07.2015 മുതലുള്ള അനധികൃതാവധിയ്ക്കു ശേഷം 12.06.2019 ന് ജോലിയിൽ പുനപ്രവേശിച്ച ഡോ. മുഹമ്മദ് ഫറൂഖ്.വി.കെ 2020 പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കുവാൻ അർഹനായിരുന്നില്ല എന്ന് കണ്ടെത്തുകയുണ്ടായി.

മേൽ സാഹചര്യത്തിൽ ഡോ. പ്രീതി.പി.വിയ്ക്ക് കോഴിക്കോട് കുറ്റിയാടി താലൂക്ക് ആശുപത്രിയിലേക്കും ഡോ. മുഹമ്മദ് ഫറൂഖ്.വി.കെയ്ക്ക് തൃശ്ശൂർ കുന്നംകുളം താലൂക്ക് ആശുപത്രിയിലേക്കും നൽകിയിരുന്ന സ്ഥലംമാറ്റം പരാമർശം (4) പ്രകാരം റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതിനാൽ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റുമാരായ ടി ജീവനക്കാരെ താഴെ പറയും പ്രകാരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റപ്പെട്ട സ്ഥാപനം |
|---|---|---|
| 1 | ഡോ. പ്രീതി.പി.വി<br>താലൂക്ക് ആശുപത്രി കുറ്റിയാടി,<br>കോഴിക്കോട് | താലൂക്ക് ആശുപത്രി, കുന്നംകുളം, തൃശ്ശൂർ |
| 2 | ഡോ. മുഹമ്മദ് ഫറൂഖ്.വി.കെ<br>താലൂക്ക് ആശുപത്രി കുന്നംകുളം, തൃശ്ശൂർ | താലൂക്ക് ആശുപത്രി, കുറ്റിയാടി, കോഴിക്കോട് |

ടി ജൂനിയർ കൺസൾട്ടന്റുമാർ നിലവിൽ ജോലി നോക്കുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ജീവനക്കാരനും സ്ഥാപന മേധാവികൾക്കും ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

**ഒപ്പ്**
**ഡോ. വി.ആർ.രാജു**
**അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ (ആരോഗ്യം)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

**സീനിയർ സൂപ്രണ്ട്**

22/9/21.